

# പൂവൻകോഴി

മാങ്ങാട് രത്നാകരൻ

പിന്നീട്, ഹുവാൻ വുൾഫോയേയും ആൽവാരോ മൂതിസിനേയും അലെജോ കാർപെന്റിയറേയും - കിയാമം നാളിൽ നിരചരനെന്നു പേരുകേൾക്കാതിരിയ്ക്കാൻ '*ദ ലോസ്റ്റ് സ്റ്റെപ്സ്*' വായിച്ചേക്കണെ - പോലെയുള്ള എഴുത്തുകാരെയാണ് കൂടുതൽ ഇഷ്ടപ്പെട്ടതെങ്കിലും ഗബ്രിയേൽ ഗാർസിയ മാർകേസിനെ വായിച്ചത്, പ്രേമം പോലെ - മാർകേസിന്റെ തന്നെ ഭാവനയിൽ, ഷൂസിൽ കല്ലുകുടുങ്ങി നടക്കുന്നതുപോലെയും, തൊടുമ്പോൾ ഗ്ലാസ്സിലെ വെള്ളം നിറം പകരുന്നതുപോലെയും - നീറ്റലുണ്ടാക്കിയ - സുഖകരമായ നീറ്റലുണ്ടാക്കിയ - അനുഭവമാണ് (വിരാമ ചിഹ്നം പന്തികേടാണ്. ശീലം കൊണ്ടുമാത്രം ശരി. കുഞ്ഞിരാമൻ നായർക്ക് വിരാമചിഹ്നത്തോട് കലിയായിരുന്നു. വരയാണ്, വിരാമത്തിനു പകരം.)

ജോസ് ക്ലെമെന്റ് ഓറസ്കോസിന്റെ ചിത്രത്തോടെയുള്ള *ഏകാന്തതയുടെ നൂറുവർഷങ്ങൾ* ആണ് എന്റെ ഓർമ്മയിൽ ഇപ്പോഴും, അതാണ് *ഏകാന്തതയുടെ* ഒറിജിനൽ എന്ന മാതിരി. പിന്നീട് സികഡോറിൽ കൂട്ടുകുടുംബഫോട്ടോയിൽ. ആൽഫ്രഡ് നോഫിൽ ജോസ് ലൂയിസ് ക്യുവാസ്, *പെഡ്രോപരാമോ* ചിത്രീകരിച്ച ആൾ. ഓർമ്മ ശരിയാണെങ്കിൽ.

ഓർമ്മ. ആ വാക്കിൽ പിടികൂടട്ടെ. ഓർമ്മയാണ് മാർകേസ്. രക്തത്തിന്റെ ഓർമ്മ. ചരിത്രത്തിന്റെ ഓർമ്മ. രക്തത്തിന്റെയും ചരിത്രത്തിന്റെയും ഓർമ്മ.

മക്കോണ്ടയിൽ ഒന്നിനും പേരില്ലായിരുന്നു. ഓരോന്നിനേയും ചൂണ്ടിപ്പറയേണ്ടിവന്നു. പേരുണ്ടാക്കിയപ്പോൾ പേരെഴുതി കെട്ടിത്തൂക്കിയിട്ടു : പശു

ചിലിയിലെ ദരിദ്രമായ ഒരു കുടുംബത്തിന്റെ വീടിനു മുന്നിൽ ഒരു കസേര. പൊടി പിടിയ്ക്കാതെ. വെടിപ്പായി. മറ്റേതെല്ലാം കാലൊടിഞ്ഞും പഴകിയും വെടിപ്പുള്ള കസേരയിൽ ഒരിക്കൽ അലൻഡെ ഇരുന്നിരുന്നു - *ഒരു നിമിഷത്തെ ഇരുട്ട് നാമാരേയും കുരുടൻമാരാക്കുകയില്ല.*

ഓർമ്മ വരുന്നു. മക്കോണ്ട അന്വേഷിച്ചുപോയ ഒരാസ്വാദകൻ. എവിടെ മക്കോണ്ട ? അതാ അവിടെ - പഴമക്കാർ ചൂണ്ടിക്കാട്ടി. എവിടെ ? അനന്തമായ യാത്ര.

സിനിമയുടെ അവസാനം മാർകേസ് വന്നു. ഷാംപെയ്ൻ ഗ്ലാസ്സ് തിരിച്ച്. ചിരി. തമാശകൾ - സങ്കടക്കാരെല്ലാം ഭയങ്കരമായി ചിരിച്ചിരുന്നു - കുഞ്ചനേയും സഞ്ജയനേയും പോലെ.

മാർകേസിന്റെ മകൻ ഇംഗ്ലണ്ടിൽ പഠിക്കുന്നു. മാർകേസ് അവിടെ 'ക്രേയ്സ്'. *കേണലിന് ആരും എഴുതുന്നില്ല.* എന്ന കൃതിയിലെ പൂവൻകോഴി എന്തിന്റെ സിംബലാണ് ? മകനോട് അച്ഛന്റെ ആരാധകർ.

മകൻ അച്ഛന് കത്തയക്കുന്നു : പൂവൻകോഴി എന്തിന്റെ സിംബൽ ആണ്.

അച്ഛൻ മകന് കത്തയക്കുന്നു : പൂവൻകോഴി പൂവൻകോഴിയാണ്.

മകൻ അച്ഛന്റെ ആരാധകരോട് : അച്ഛൻ പറഞ്ഞു, പൂവൻകോഴി പൂവൻകോഴിയാണ്.

**വരയും വരിയും** | **റഫീഖ് അഹമ്മദ്**




## ആയുർവ്വേദ ചികിത്സ

തൃശൂർ കേരളവർമ്മ കോളേജ് റോഡിലുള്ള ജില്ലാ സഹകരണ ആയുർവ്വേദ ആശുപത്രിയിൽ നടുവേദന, വാതരോഗങ്ങൾ, ആർത്രൈറ്റീസ്, തളർവാതം, ആമവാതം, വാതദന്തം, എല്ലുതേമാനം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ദ്ധ ആയുർവ്വേദ ചികിത്സ ലഭ്യമാണ്. ഉഴിച്ചിൽ / ധാര, പഞ്ചകർമ്മ ചികിത്സകൾ ആശുപത്രിയിൽ അഡ്മിറ്റായും സൗകര്യപ്രദമായ സമയങ്ങളിൽ ഒ.പി. രൂപത്തിലും ചെയ്യുവാനുള്ള സൗകര്യം.

**ഡോ. കെ. മഹേഷ് മേനോൻ, ഡോ. ആഗ്നസ് ക്ലീറ്റസ്**
പരിശോധനസമയം : രാവിലെ 9 മുതൽ വൈകിട്ട് 5 വരെ
ഫോൺ : 0487-2380152